EL 614271755 IN

TRANSPORT COMMISSIONERATE KERALA
RECEIVED ON 20 MAY 2023

L
20/5/23

COURT FEE 10 Rs. भारत INDIA दस रुपये TEN RUPEES

From

P.V. Biju
'Karthika', Pandaraparambil
Ollukara P.O.
Ollukara
Thrissur-680655
Mobile: 9605885425

To

The State Public Information Officer
Transport Commissionerate
Trans Tower, Vazhuthacaud
Thycaud P.O., Thiruvananthapuram-14

സർ,

വിഷയം :- വിവരാവകാശ നിയമം 2005 – വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

2005 ലെ വിവരാവകാശ നിയമ പ്രകാരം താഴെ പറയുന്നതായ വിവരങ്ങൾ ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു:

1. മോട്ടോർ വാഹന വകുപ്പിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിലേയ്ക്ക് 15/05/2023 തീയ്യതിയിലെ 'A1/208/2022-TC(i), 'A1/208/2022-TC(ii), 'A1/208/2022-TC(iii), 'A1/208/2022-TC(iv), 'A1/208/2022-TC(v), 'A1/208/2022-TC(vi)' നമ്പർ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നതിലേയ്ക്ക് 10/04/2023 തീയ്യതി കൂടിയ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) [Departmental Promotion Committee (Lower)] മീറ്റിംഗിൻെറ 'Agenda Notes' ൻേറയും 'Minutes' ൻേറയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കുക.
2. ടി മീറ്റിംഗിൻെറ 'Agenda Notes', 'Minutes' തയ്യാറാക്കിയതും, ആയത് പരിശോധിച്ച് ഉറപ്പുവരുത്തി, അംഗീകാരത്തിനായി സമർപ്പിച്ച ഉദ്യോഗസ്ഥൻെറ/ഉദ്യോഗസ്ഥയുടെ പേര്/പേരുകൾ, ഔദ്യോഗിക സ്ഥാനപ്പേര്, വിലാസം എന്നിവയും, ടി മീറ്റിംഗിൻെറ 'Agenda Notes', 'Minutes' അംഗീകരിച്ച ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയുടെ പേരും, ഔദ്യോഗിക സ്ഥാനപ്പേരും, വിലാസവും ലഭ്യമാക്കുക.
3. ട്രാൻസ്പോർട്ട് കമ്മീഷണറുടെ 25/04/2017 തീയ്യതിയിലെ എ6/ഇ-4730/2016/റ്റി.സി. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള അസിസ്റ്റൻറ് മോട്ടോർ വെഹിക്കിൾ തസ്തികയുടെ അന്തിമ സീനിയോരിറ്റി പട്ടികയിൽ ക്രമ നമ്പർ 69 ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ.പി.വി. ബിജു എന്ന ഉദ്യോഗസ്ഥന് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിലേയ്ക്കായി ടി തസ്തികയിൽ ഒഴിവ് ഉണ്ടായ തീയ്യതി എന്നാണെന്ന് രേഖപ്പെടുത്തുക.
4. മുൻഖണ്ഡിക (3) ൽ രേഖപ്പെടുത്തും പ്രകാരം ടിയാന് സ്ഥാനക്കയറ്റം നൽകാതിരുന്നതിൻെറ കാരണം ലഭ്യമാക്കുക. വകുപ്പുതല സ്ഥാനക്കയറ്റ സമിതി മീറ്റിംഗിൽ കൈകൊണ്ട തീരുമാനത്തിൻെറ വെളിച്ചത്തിലായിരുന്നുവെങ്കിൽ ടി മീറ്റിംഗിൻെറ 'Minutes' ൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കുക.
5. മുൻഖണ്ഡിക (4) ൽ രേഖപ്പെടുത്തും പ്രകാരം ടിയാൻെറ സ്ഥാനക്കയറ്റം തടഞ്ഞ വിഷയത്തിൽ നിരീക്ഷണ കാലയളവ് തൃപ്തികരമായി പൂർത്തീകരിക്കാത്തതിൻെറ വെളിച്ചത്തിലായിരുന്നുവെങ്കിൽ ടി നിരീക്ഷണ കാലയളവ് തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏത് തീയ്യതി പ്രാബല്യത്തിൽ ആണെന്നും,

ടി വിഷയത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പും ലഭ്യമാക്കുക.

ടിയാൻെറ ടി സ്ഥാനക്കയറ്റം തടഞ്ഞത് ടിയാനെതിരെ കൈകൊണ്ടിരുന്ന വകുപ്പുതല അച്ചടക്ക നടപടികൾ തീർപ്പുകൽപ്പിക്കാതിരുന്നതിൻെറ കാരണമാണെങ്കിൽ ടി നടപടികളുടെ നിലവിലെ സ്ഥിതിയും, ആയത് തീർപ്പുകൽപ്പിച്ചിട്ടുണ്ടെങ്കിൽ ടി തീർപ്പുകൽപ്പിച്ച ഉത്തരവ്/ഉത്തരവുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്/പകർപ്പുകൾ ലഭ്യമാക്കുക.

ടിയാൻെറ ടി സ്ഥാനക്കയറ്റം ടി വകുപ്പുതല സ്ഥാനക്കയറ്റ സമിതി മീറ്റിംഗിലും, തുടർന്നും തടഞ്ഞിട്ടുള്ളത് ടിയാനെതിരെ കൈകൊണ്ടിരുന്ന വകുപ്പുതല അച്ചടക്ക നടപടികളിൽ അനുവദിച്ചിരുന്ന ശിക്ഷണ നടപടിയിലെ കാലയളവ് കണക്കാക്കിയാണെങ്കിൽ അത്തരത്തിൽ സ്ഥാനക്കയറ്റങ്ങൾ തടയുന്നതിലേയ്ക്ക് നിഷ്ക്കർഷിക്കുന്ന ചട്ടങ്ങളിലെ/അനുബന്ധ സർക്കാർ ഉത്തരവ്/ഉത്തരവുകൾ വ്യവസ്ഥ/വ്യവസ്ഥകൾ ഏതെന്ന് രേഖപ്പെടുത്തുക.

ഇത്തരത്തിൽ ചട്ടങ്ങളിൽ/അനുബന്ധ സർക്കാർ ഉത്തരവുകളിൽ വ്യവസ്ഥകൾ ഇല്ലായെങ്കിൽ ഇത്തരത്തിൽ സ്ഥാനക്കയറ്റങ്ങൾ തടയുന്നതിലേയ്ക്ക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി മീറ്റിംഗിൽ സമർപ്പിക്കുന്നതിലേയ്ക്ക് 'Agenda Notes' തയ്യാറാക്കിയതും, ആയത് അംഗീകരിച്ചതുമായ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥരുടെ പേരും, ഔദ്യോഗിക സ്ഥാനപ്പേരും, വിലാസവും ലഭ്യമാക്കുക.

6. മുൻഖണ്ഡിക (3) ൽ രേഖപ്പെടുത്തിയിട്ടുള്ള ശ്രീ.പി.വി. ബിജു എന്ന ഉദ്യോഗസ്ഥൻ മുഖണ്ഡിക (1) പ്രകാരം നടന്ന വകുപ്പുതല സ്ഥാനക്കയറ്റ സമിതി മീറ്റിംഗിൽ തയ്യാറാക്കിയ സ്ഥാനക്കയറ്റ പട്ടികയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്ക് ടിയാൻെറ സീനിയോരിറ്റിയും, യോഗ്യതയും പ്രകാരം അർഹനായിരുന്നുവോ?

ആണെങ്കിൽ ടിയാൻെറ പേര് ടി സ്ഥാനക്കയറ്റ പട്ടികയിൽ നിന്നും ഒഴിവാക്കിയതിൻെറ കാരണം രേഖപ്പെടുത്തുക.

ടിയാൻ ടി സ്ഥാനക്കയറ്റ പട്ടികയിൽ ഉൾപ്പെടുവാൻ യോഗ്യനല്ലായെന്ന് ടി മീറ്റിംഗിൽ സമർപ്പിച്ചിരുന്ന 'Agenda Notes' ൽ രേഖപ്പെടുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ടി രേഖപ്പെടുത്തൽ നടത്തുന്നതിലേയ്ക്ക് 'Agenda Notes' തയ്യാറാക്കിയതും, ആയത് അംഗീകരിച്ചതുമായ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥരുടെ പേരും, സ്ഥാനപ്പേരും, വിലാസവും ലഭ്യമാക്കുക.

ഇത്തരത്തിൽ ടിയാൻെറ പേര് സ്ഥാനക്കയറ്റ പട്ടികയിൽ നിന്നും ഒഴിവാക്കിയത് ഏതെങ്കിലും ചട്ടങ്ങളിലെ, അനുബന്ധ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണോ? ആണെങ്കിൽ ഏത് ചട്ടങ്ങളിലെ, ഏത് വ്യവസ്ഥകൾ/അനുബന്ധ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണെങ്കിൽ ടി സർക്കാർ ഉത്തരവ്/മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പ്/പകർപ്പുകൾ ലഭ്യമാക്കുക.

7. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA 1897/2022 നമ്പർ പരാതിയിൽ 04/11/2022 തീയ്യതിയായി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഞാൻ സമർപ്പിച്ചിരുന്ന 08/08/2022 തീയ്യതിയിലെ അപേക്ഷ ടി ഉത്തരവ് തീയ്യതിയ്ക്ക് '3 മാസത്തിനുള്ളിൽ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹുമാനപ്പെട്ട കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നതും, ബഹുമാനപ്പെട്ട കോടതി

ഉത്തരവിൻെറ വെളിച്ചത്തിൽ പുറപ്പെടുവിക്കുന്നതായി രേഖപ്പെടുത്തി ട്രാൻസ്പോർട്ട് കമ്മീഷണറുടെ 16/11/2022 തീയ്യതിയിലെ എ1/190/2021-റ്റി.സി.(i) നമ്പർ ഉത്തരവ് പുറപ്പെടുവിച്ചതായും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 08/08/2022 തീയ്യതിയിലെ എൻെറ അപേക്ഷ ബഹുമാനപ്പെട്ട കോടതി ഉത്തരവിൽ നിഷ്ക്കർഷിക്കും പ്രകാരം ടി കോടതി ഉത്തരവ് ഉൾക്കൊണ്ടുകൊണ്ട് പരിഗണിക്കുന്നതിലേയ്ക്ക് ടി ഉത്തരവ് തീയ്യതിയ്ക്ക് ശേഷം വകുപ്പുതല സ്ഥാനക്കയറ്റ സമിതി മീറ്റിംഗ് കൂടിയ തീയ്യതിയും, ടി മീറ്റിംഗിൽ സമർപ്പിക്കുന്നതിലേയ്ക്ക് തയ്യാറാക്കിയ 'Agenda Notes' ൻേറയും, ടി മീറ്റിംഗിൻെറ 'Minutes' ൻേറയും സാക്ഷ്യപ്പെടുത്തിയ പകർപ്പും ലഭ്യമാക്കുക.

ടി കോടതി ഉത്തരവിൻെറ വെളിച്ചത്തിൽ കോടതി ഉത്തരവ് ഉൾകൊണ്ടുകൊണ്ട് ടി കോടതി ഉത്തരവ് തീയ്യതിയ്ക്ക് ശേഷം വകുപ്പുതല സ്ഥാനക്കയറ്റ സമിതി മീറ്റിംഗ് കൂടിയിട്ടുണ്ടോ, ഇല്ലയോ എന്ന വിവരം ലഭ്യമാക്കുക.

ടി വിവരം ലഭ്യമാക്കുന്നതിലേക്കായി ഫീസ് ഒടുക്കേണ്ടതുണ്ടെങ്കിൽ ആയതിൻെറ വിവരം ലഭ്യമാക്കിയാൽ ആവശ്യമായ ഫീസ് ഒടുക്കുന്നതാണെന്നും അറിയിക്കുന്നു.

പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന ഒരു ജീവനക്കാരനായ എനിയ്ക്ക് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അർഹതപ്പെട്ട സ്ഥാനക്കയറ്റം, വാർഷിക വേതന വർദ്ധനവ്, സമയബന്ധിത ഹയർ ഗ്രേഡ് എന്നീ സർവ്വീസ് ആനുകൂല്യങ്ങൾ തടഞ്ഞുവെയ്ക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ നിയമങ്ങളിലെ വ്യവസ്ഥകളിൽ ലഭ്യമാക്കിയിട്ടുള്ള എൻെറ പരിരക്ഷയും, സ്വാതന്ത്രവും സംരക്ഷിക്കുന്നതിലേയ്ക്ക് ക്രിമിനൽ നടപടികൾ പ്രകാരം പരാതി സമർപ്പിക്കുവാൻ ടി വിവരങ്ങൾ അത്യന്താപേക്ഷിതമായതിനാൽ ടി വിവരങ്ങൾ 2005 ലെ വിവരാവകാശ നിയമത്തിൻെറ സെക്ഷൻ 7(1) ലെ വ്യവസ്ഥയിൽ (Proviso) വ്യക്തമാക്കും പ്രകാരമുള്ള സമയ പരിധിയ്ക്കുള്ളിൽ (48 മണിക്കൂറിനുള്ളിൽ) ലഭ്യമാക്കണമെന്നും അപേക്ഷിക്കുന്നു.

തൃശൂർ

വിശ്വസ്തതയോടെ,

18/05/2023

18/05/2023

(P.V. BIJU)